# അമേരിക്കൻ മലയാള സാഹിത്യം ഒരു അവലോകനം (ന്യൂയോർക്കിലെ അമേരിക്കൻ സർഗ്ഗവേദിയുടെ ചരിത്രവും) ഭാഗം –2

(Protected by copyright Law)

*ഈ ക്രുതിയുടെ ഒന്നാം ഭാഗത്തിന്റെ ആശയവും, ഈ ലേഖകന്റെ നിരൂപണങ്ങളിലെ വിലയിരുത്തലുകളും മോഷ്ടിക്കപ്പെട്ടിരുന്നു. (Plagiarism) അതു കൊണ്ട് ഈ രചനക്ക് കോപ്പി റൈറ്റ് എടുത്തിത്തിട്ടുണ്ട്.. എന്നിരുന്നാലും ഇതിലെ ആശയവും, അതേപോലെ ലേഖകന്റെ നിരൂപണങ്ങളും മോഷ്ടിക്കാനും അതിൽ ഭേദഗതി വരുത്തി സ്വന്തം പേരിൽ പ്രസിദ്ധീകരിക്കാനും വേണ്ടി പണം ചോദിച്ചോ അല്ലാതെയോ പ്രിയ വായനകാരേ, എഴുത്തുകാരേ നിങ്ങളെ സമീപിക്കുന്നവരെ പ്രോത്സാഹിപ്പിക്കരുതെന്നു വിനീതമായി അപേക്ഷിക്കുന്നു.*

**സുധീർ പണിക്കവീട്ടിൽ**




അമേരിക്കൻ മലയാള സാഹിത്യം ഇന്നലെ, ഇന്നു, നാളെ എന്ന പേരിൽ ഈ ലേഖകൻ പത്തു വർഷങ്ങൾക്ക് മുമ്പ് ന്യൂയോർക്കിലെ വിചാരവേദിയുടെ പ്രഥമ സമ്മേളനത്തിൽ ഒരു ലേഖനം അവതരിപ്പിച്ചിരുന്നു. ഈ മാസം (നവമ്പർ 11,2016) വിചാരവേദി അവരുടെ പത്താം വാർഷികം ആഘോഷിക്കയാണു. അമേരിക്കൻ മലയാളി എഴുത്തുകാർ ഭാഷക്ക് നൽകിയ സംഭാവനകളെ പരിഗണിച്ച് ഇവിടത്തെ പതിനൊന്ന് എഴുത്തുകാരെ വിചാരവേദി ആദരിക്കുന്നുവെന്ന വാർത്ത വായിക്കുകയുണ്ടായി. വിദേശത്ത് വളരുന്ന മാത്രുഭാഷയുടെ മാതാപിതാക്കളെ

അംഗീകരിക്കുന്നത് നല്ല കാര്യമായി കണക്കാക്കാം.വിചാരവേദിയുടെ ഈ സംരംഭം അഭിനന്ദമർഹിക്കുന്നു. ആരംഭകാലം മുതൽ അമേരിക്കൻ മലയാള സാഹിത്യത്തിൻെറ വളർച്ചയും വികാസവും ലക്ഷ്യമാക്കി വിചാരവേദിയുടെ ചുക്കാൻ പിടിക്കുന്നവർ മറ്റ് സംഘടനകൾക്ക് അനുകരണീയമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പ്രബന്ധം അവരുടെ സമ്മേളനത്തിൽ വായിക്കാമോ എന്നു ചോദിച്ച അതിൻെറ സെക്രട്ടറി ശ്രീ സാംസി കൊടുമണ്ണിനു നന്ദി അറിയിക്കുന്നു.

അമേരിക്കൻ മലയാള സാഹിത്യം എന്നു പറയുന്നത് അമേരിക്കയിലേക്ക് കുടിയേറിയിട്ടുള്ള മലയാളികൾ എഴുതുന്ന സാഹിത്യ രചനകൾക്കാണു. മലയാളികൾ കുടിയേറിയ സ്ഥലങ്ങളുടെ പേരിൽ മലയാളസാഹിത്യം അറിയപ്പെടുന്നത് ഒരു പുതുമയാകാൻ വഴിയുണ്ട്. കാരണം നാട്ടിലെ മുഖ്യധാര എഴുത്തുകാർ ഇത്തരം പ്രവാസസാഹിത്യത്തെ അർഹിക്കുന്ന വിധത്തിൽ അംഗീകരിക്കാൻ തയ്യാറല്ല. അതിനുത്തരവാദികൾ ഇവിടെയുള്ളവർ തന്നെയെന്നുള്ളതും ഖേദകരം. പ്രവാസസാഹിത്യം എന്ന തലവാചകത്തിൽ ഇത്തരം രചനകളെ ഉൾപ്പെടുത്താൻ പലരും ശ്രമിക്കുന്നു. അന്യദേശത്തു കഴിയുന്ന ഒരാൾ അയാളുടെ മാത്രുഭാഷയിൽ എഴുതുന്നതൊക്കെ പ്രവാസസാഹിത്യമെന്ന മേൽ വിലാസം ചാർത്തി കൊടുക്കുന്നതിലൂടെ അത്തരം സാഹിത്യത്തിൻെറ മേന്മ കുറയ്ക്കലാണ്.

കഴിഞ്ഞ പത്തു വർഷങ്ങൾ കൊണ്ട് അമേരിക്കൻ മലയാള സാഹിത്യരംഗത്ത് പുരോഗമനകരമായ പല മാറ്റങ്ങൾ വന്നെങ്കിലും അവ അർഹിക്കുന്ന വിധത്തിൽ അംഗീകരിക്കപ്പെടുകയുണ്ടായില്ല. നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ വരുന്നത് മാത്രം ഉൽക്രുഷ്ടമായ രചന എന്ന ചിന്താഗതിയുള്ള എഴുത്തുകാരും പേരിനു മാത്രമുള്ള വായനക്കാരും ഇന്നും ശങ്കരൻ തെങ്ങേൽ തന്നെ എന്ന ചൊല്ലിൽ നിന്നു വിമുക്തരല്ല. ന്യൂയോർക്കിലെ വിചാരവേദിയും ഹൂസ്റ്റനിലും, ഡാലസ്സിലുമുള്ള സാഹിത്യസംഘടനകളും എഴുത്തുകാരെ ആദരിക്കയും അവർക്ക് അവാർഡുകൾ, അംഗീകാരങ്ങൾ തുടങ്ങിയവ നൽകി അമേരിക്കൻ മലയാള സാഹിത്യത്തെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നത് അഭിലഷണീയമാണ്. അത്തരം പ്രവർത്തികളെ നിന്ദിച്ചും, നിരുത്സാഹപ്പെടുത്തിയും ചിലർ നടത്തുന്ന കുത്സിതയത്നങ്ങൾ ഹാനികരമാണെന്നു മനസ്സിലാക്കാതെ അവരോട് പൊതുജനവും ഒത്തുചേരുന്നത് അമേരിക്കൻ മലയാള സാഹിത്യത്തെ/ അവിടത്തെ എഴുത്തുകാരെ കോമാളികളാക്കുന്നു. അതേസമയം പാദസേവകർ കുനിഞ്ഞു കുമ്പിട്ട് ആരാധിക്കുന്നവർ ഭീമമായ സംഖ്യകൾ നൽകി വലിയ വലിയ അവാർഡുകൾ വാങ്ങുന്നതൊന്നും പൊതുജനം അറിയുന്നില്ല. മറ്റുള്ള ചെറിയ അവാർഡുകളാണു പരിഹസിക്കപ്പെടുന്നത്.

അമേരിക്കൻ മലയാളി എഴുത്തുകാരെ കേരളത്തിലെ മുഖ്യധാര എഴുത്തുകാർക്കൊപ്പം പരിഗണിക്കുന്നില്ല അവർക്ക് വേണ്ടത്ര അംഗീകാരങ്ങൾ ലഭിക്കുന്നില്ല തുടങ്ങിയ പരിദേവനങ്ങൾ ഇവിടെ സാധാരണ കേട്ടു വരുന്നുണ്ട്. ചിലരൊക്കെ നാട്ടിലെ മാധ്യമങ്ങളെ, അവാർഡുകൾക്കും, അംഗീകാരങ്ങൾക്കും ചുക്കാൻ പിടിക്കുന്ന അവിടത്തെ അറിയപ്പെടുന്ന എഴുത്തുകാരെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്തുന്ന പോലെ സംസാരിക്കാറുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാരോട് അവരൊക്കെ പുലർത്തുന്ന നയം ആത്മാർത്ഥമല്ല അതൊരു ചിറ്റമ്മ നയം പോലെയല്ലേ എന്ന് ചിലർക്കെങ്കിലും സംശയം തോന്നാറുമുണ്ട്.

എന്നാൽ അമേരിക്കൻ മലയാള സാഹിത്യചരിത്രത്തിൽ ഒരു സൂക്ഷ്മാവലോകനം നടത്തുമ്പോൾ പ്രസ്തുത ചിന്തകൾ ഉണ്ടാകുന്നത് പൂർണ്ണമായി കാര്യങ്ങളെ ഗ്രഹിക്കാത്തതുകൊണ്ടാണെന്ന് കാണാവുന്നതാണ്. നാട്ടിലെ മാധ്യമങ്ങളും എഴുത്തുകാരും ഇവിടത്തെ എഴുത്തുകാർക്ക് അർഹിക്കുന്ന അംഗീകാരങ്ങൾ നൽകിയിട്ടുണ്ട്. അമ്പത് വർഷങ്ങൾക്ക് മുമ്പെഴുതിയ കവിതകൾക്ക് അന്നത്തെ കവികൾ എഴുതുന്ന കവിതകളോളം നിലവാരം ഇല്ലാത്തതിനാൽ അന്നു അവ തിരസ്കരിക്കപ്പെട്ടെങ്കിലും ഇപ്പോൾ പൊതുവെ കവിതകളുടെ നിലവാരം കുറഞ്ഞപ്പോൾ തമ്മിൽ ഭേദം തൊമ്മൻ എന്ന നീതി പ്രകാരം അത്തരം കവിതകളെ സാഹിത്യഅക്കാദമി അംഗീകരിച്ചു. അതെന്തു വ്യക്തമാക്കുന്നു? എഴുതുന്നതു കുറച്ചെങ്കിലും നന്നായിരിക്കണം എങ്കിൽ സ്രുഷ്ടികൾ എന്നെങ്കിലും ശ്രദ്ധിക്കപ്പെടും. നമ്മളറിയാതെ ഡോളർ ഭഗവാനും തന്നാലായത് ചെയ്യുമെന്നും അറിഞ്ഞിരിക്കേണ്ടതാണ്.

ഇവിടത്തെ നല്ലൊരു വിഭാഗം എഴുത്തുകാരുടെ പുസ്തകങ്ങൾക്ക് നാട്ടിലെ പ്രമുഖരായ എഴുത്തുകാർ അവതാരികകളും, പഠനങ്ങളും, സ്നേഹക്കുറിപ്പുകളും എഴുതീട്ടുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാർ

സംഘടിപ്പിച്ച സാഹിത്യ സമ്മേളനങ്ങളിലെല്ലാം നാട്ടിലെ പ്രശസ്ത എഴുത്തുകാരെ ക്ഷണിക്കുകയും അവർ സന്നിഹിതരാകുകയും ചെയ്തീട്ടുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാർ അവർ വിട്ടു പോന്ന കേരളത്തെ കുറിച്ച് ഗ്രഹാതുരത്വത്തോടെ എഴുതാതെ പ്രവാസജീവിതത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കി അതിൽ നിന്നും രചനകൾ സ്രുഷ്ടിക്കണമെന്ന അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ നാട്ടിലെ എഴുത്തുകാരും അതേപോലെ സമൂഹത്തിലെ പ്രശസ്തരും ഇവിടത്തെ എഴുത്തുകാർക്ക് നൽകിയതായി ചില പത്രങ്ങളിൽ വായിച്ചത് ഓർക്കുന്നു. ഇത് ഒരുതരം അവഹേളനമാണ്. എഴുത്തുകാർ എന്തെഴുതണമെന്ന് എഴുതി തെളിഞ്ഞവരോ, സമൂഹത്തിലെ മറ്റ് പ്രമാണിമാരോ ആവശ്യപ്പെടുകയെന്ന താൽപ്പര്യത്തെ എന്തു പേരു വിളിക്കും? അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളെക്കുറിച്ച് മനസ്സിലാക്കാതെ അവ വായിക്കാതെ അവരോട് മറ്റ് പ്രവാസികൾ എഴുതുന്നത് കണ്ട് മനസ്സിലാക്കി എഴുതണമെന്ന അഭിപ്രായം പറയുന്നത് അവരെ അപമാനിക്കുന്നതിനു തുല്യമാണു. അത്തരം വിവരം കെട്ട വിലയിരുത്തലുകളെ അമേരിക്കൻ മലയാളി എഴുത്തുകാർ അവഗണിക്കേണ്ടതാണ്.

അത്രയൊന്നും സാഹിത്യഗുണമില്ലത്ത ആടുജീവിതമെന്ന ഒരു നോവലിന്റെ പേരും പറഞ്ഞ് അമേരിക്കൻ മലയാളി എഴുത്തുകാർ അത്തരം നോവലുകൾ എഴുതണമെന്നൊക്കെ സാഹിത്യത്തെ കുറിച്ച് കാര്യമായ വിവരമില്ലാത്തവർ ബഹളം വയ്ക്കുകയും അത് ചെവിയോർത്തു നിന്നു അമേരിക്കയിലെ തന്നെ എഴുത്തുകാർ എന്ന ലേബലും താങ്ങി നടക്കുന്നവർ, കാളകളെ പോലെ കൊമ്പു കുലുക്കി അത് ശരിയാണെന്നു അമറുന്നുന്നത് കാണാൻ രസകരമാണ്.

പത്രങ്ങളിൽ നിന്ന് അറിയുന്ന വിവരങ്ങളും വായിക്കാൻ കിട്ടുന്ന പുസ്തകങ്ങളും വച്ച് നോക്കുമ്പോൾ ഇവിടെ നല്ല നോവലുകൾ എഴുതിയ എഴുത്തുകാർ ഉണ്ട്. അവരുടെ കഥകളിലെ പ്രമേയം അമേരിക്കയിൽ ജീവിക്കുന്ന മലയാളി കുടുംബങ്ങളുടെ പശ്ചാത്തലത്തിലാണെന്നു കാണം. അത്തരം കഥകൾ തുടങ്ങുന്നത് സ്വഭാവികമായും നാട്ടിൽ നിന്നും തന്നെ. അങ്ങനെ തന്നെ വേണം താനും. അമേരിക്കയിലെ ഒരു വെള്ളക്കാരന്റെ, അല്ലെങ്കിൽ നിറമുള്ളവരുടെ ജീവിതകഥകൾ മലയാളത്തിൽ എഴുതുന്നതിനേക്കാൾ ഇംഗ്ലീഷിൽ എഴുതുന്നതായിരിക്കും ഗുണപ്രദം. മലയാളഭാഷയെ പരിപോഷിപ്പിക്കലാണല്ലോ പ്രത്യക്ഷത്തിൽ അമേരിക്കൻ മലയാളി എഴുത്തുകാരുടെ ദൗത്യം.

അമേരിക്കൻ മലയാളി എഴുത്തുകാർ ഇവിടെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഗുരുതരമല്ല. മറിച്ച് ഇവിടെനിന്നും നാട്ടിലേക്ക് ചെല്ലുമ്പോഴാണു അവർ പ്രശ്നങ്ങളുടെ നീരാളിപിടുത്തത്തിൽ കിടന്നു ശ്വാസം മുട്ടുന്നത്. ഇവിടത്തെ വളരെ കുറച്ച് എഴുത്തുകാരുടെ രചനകളിൽ അത്തരം പ്രശ്നങ്ങളുടെ, ഊരാക്കുടുക്കുകളുടെ കലാപരമായ ആവിഷ്കാരം കണ്ടിട്ടുണ്ട്. ചെറുകഥാക്രുത്തും നോവലിസ്റ്റുമായ ബാബു പാറക്കലിന്റെ ഒരു കഥയിൽ ഒരു പ്രവാസിക്ക് നാട്ടിൽ അനുഭവിക്കേണ്ടി വന്ന ബുദ്ധിമുട്ടുകൾ അനാവ്രുതമാക്കിയിട്ടുണ്ട്. ലേഖകനും കവിയുമായ ശ്രീ എ.സി. ജോർജിന്റെ രചനകളിലും നാടിന്റെ സൗഹ്രുദമില്ലാത്ത പരുക്കൻ മുഖത്തെക്കുറിച്ചുള്ള നഗ്നമായ വിവരണങ്ങൾ കാണാം.

ഇവിടെ ഇയ്യിടെ പുറത്തിറങ്ങിയ രണ്ട് നോവലുകളാണു ശ്രീ ജോൺ മാത്യുവിന്റെ "ഭൂമിക്ക് മേലെ ഒരു മുദ്ര" യും ശ്രീ സാംസി കൊടുമണ്ണിന്റെ "പ്രവാസികളുടെ ഒന്നാം പുസ്തകം" എന്ന നോവലും. (എല്ലാ നോവലുകളേയും കുറിച്ച് പരാമർശിക്കുന്നില്ല) നോവൽ സാഹിത്യത്തിന്റെ പേരിൽ മാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുന്നവരുടെ പേരുകൾ അഡ്വക്കെറ്റ് രതീ ദേവി, ജോൺ മാത്യു, സാംസി കൊടുമൺ, ജോർജ് മണ്ണിക്കരോട്ട്, എബ്രഹാം തെക്കേമുറി (ഇദ്ദേഹത്തിന്റെ പേരു ആദ്യം പറയേണ്ടിയിരുന്നു), നീന പനക്കൽ, മുരളി ജെ നായർ, ബാബു പാറക്കൽ, ടോം മാത്യൂസ്, ജോൺ ഇളമത, നിർമ്മല തോമസ്, ആൻഡ്രൂ പാപ്പച്ചൻ, മാത്യു നെല്ലിക്കുന്നേൽ, ജോൺ കുന്തറ, സരോജ വർഗീസ്സ് തുടങ്ങിയവരാണ്. ജോൺ മാത്യുവിന്റെ നോവലിന്റെ പ്രത്യേകതയായി തോന്നിയത് ഇത് അമേരിക്കയിലെ ഒരു പ്രത്യേക സമൂഹത്തിന്റെ (ഉദാ: നേഴ്സ്, ടാക്സി ഡ്രൈവർ, ഡോക്ടർ, എഞ്ചിനീയർ, മറ്റ് തൊഴിലിൽ ഏർപ്പെട്ടവർ) കഥയല്ലെന്നാണ്. ഈ നോവൽ ഒരു പ്രത്യേക വിഭാഗത്തിനെ വിമർശിക്കയും ചെളിവാരി തേക്കുകയും ചെയ്യുന്നില്ല. എഴുത്തുകാരന്റെ സംസ്കാരമാണ് പലപ്പോഴും അദ്ദേഹത്തിന്റെ രചനയിൽ തെളിയുന്നത്.

പ്രവാസി എഴുത്തുകാരുടെ കാഴ്ച്ചപ്പാട് ഒരേപോലെയാണു അല്ലെങ്കിൽ അത് സങ്കുചിതമാണെന്ന ചിന്ത പ്രവാസികൾ വിട്ടിട്ട് പോന്ന ജന്മനാട്ടിലുള്ളവർ കരുതുന്നു. അങ്ങനെയൊരു തോന്നൽ പ്രവാസ സാഹിത്യത്തിനു ഹാനികരമാണ്. അമേരിക്കയെ സംബന്ധിച്ചേടത്തോളം ഇവിടെ വരുന്നവർ പലർക്കും പല സാഹചര്യങ്ങളാണ് അഭിമുഖീകരിക്കേണ്ടി വന്നത്. അവരുടെ സർഗ്ഗപരമായ ഭാവങ്ങൾ അതുകൊണ്ട് തന്നെ വ്യത്യസ്തമായിരിക്കും. ശ്രീ ജോൺ മാത്യുവും, സാംസി കൊടുമണ്ണും അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിച്ചവരാണ്. അവർ നാട്ടിൽ നിന്നും കൊണ്ട് വന്ന ചിന്തകൾക്കും അറിവിനും വ്യ്ത്യാസമുണ്ട്. എന്നാൽ അവരിലെ പൊതുവായ സാമ്യം അവർ അമേരിക്കൻ മലയാളികൾ എന്നാണു. അതുകൊണ്ട് രണ്ട് വ്യത്യസ്ത നോവലുകൾ പിറന്നു.

ഇവിടെ എഴുതുന്ന ചിലർക്കു മുൻധാരണകളും, ഏതെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കുന്നവരോട് അസൂയയും, അസഹിഷ്ണതയും ഉണ്ടാകുന്നന്നത് മൂലം അവർ വികസിപ്പിച്ചെടുക്കുന്ന കലാസ്രുഷ്ടിയെ പ്രവാസസാഹിത്യത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. അവസരങ്ങളുടെ നാടായ അമേരിക്കയിലേക്ക് കുടിയേറുന്ന മലയാളി കുടുംബങ്ങൾ അവരുടെ അന്തർമുഖത്വവും, അവരുടെ സമൂഹങ്ങളിൽ മാത്രം കഴിവതും ഒതുങ്ങിക്കൂടുന്നതിൽ കാണുന്ന സുരക്ഷിതത്വബോധവും മൂലം അമേരിക്കയുടെ മുഖ്യധാരയിലേക്ക് കടന്നുവരാൻ താൽപ്പര്യം കാണിക്കുന്നില്ല. അവരുടെ സാഹിത്യരചനകളിലും പൂർണ്ണമായി ഇവിടത്തെ മെൽറ്റിംഗ്പോട്ടിൽ അലിഞ്ഞ് ചേർന്ന ഒരു സമൂഹത്തിന്റെ കഥയല്ല തെളിയുന്നത്.

പ്രവാസ (കുടിയേറ്റ) സാഹിത്യം എന്ന ഒരു സാഹിത്യരൂപത്തിനു ഇപ്പോൾ വളരെ പ്രചാരമായിക്കഴിഞ്ഞു. ആഗോളവൽക്കരണവും, കൂട്ടത്തോടെയുള്ള കുടിയേറ്റവുമായിരിക്കാം പ്രവാസസാഹിത്യ ശാഖയെ വളർത്തുന്നത്. കാരണം. ഇത്തരം നോവലുകളിൽ കാണുക കുടിയേറിയ രാജ്യത്ത് ഒരു പ്രവാസിക്കനുഭവപ്പെട്ട വിവരങ്ങളായിരിക്കും. പലപ്പോഴും എഴുത്തുകാരന്റെ കാഴ്ച്ചപ്പാടുകളും, മുൻവിധികളും അതിനെ സ്വാധീനിക്കും. മലയാളത്തിൽ അത്തരം പുസ്തകങ്ങൾ കുറവാണെന്നു തോന്നുന്നു. പ്രവാസികൾ എഴുതുന്നതൊക്കെ പ്രവാസസാഹിത്യമായി കരുതാൻ കഴിയില്ല. അമേരിക്ക പോലുള്ള ഒരു രാജ്യത്ത് ജോലിയുടെ ബലത്തിൽ ഒറ്റക്ക് വരുന്ന യുവതികളായ നേഴ്സുമാരെ ലൈംഗികമായി ചൂഷണം ചെയ്യുന്ന കഥകൾ അല്ലെങ്കിൽ നോവലുകൾ പ്രവാസസാഹിത്യത്തിൽ ഉൾപ്പെടുന്നില്ല. അത്തരം ചൂഷണങ്ങൾ എല്ലായിടത്തുമുണ്ടല്ലോ. ഗ്രന്ഥകാരൻ പ്രവാസിയാണെങ്കിലും അയാൾ പറയുന്ന കഥകൾ അയാളുടെ അല്ലെങ്കിൽ അയാളുടെ കൂട്ടുകാരുടെ അനുഭവമാണെങ്കിലും അത്തരം സ്രുഷ്ടികൾ പ്രവാസസാഹിത്യത്തിൽ പെടുന്നില്ല; അവ അമേരിക്കൻ പശ്ചാത്തലത്തിൽ എഴുതിയ നോവലുകളായി പരിഗണിക്കപ്പെടുന്നില്ല.

എഴുത്തുകാർ അവർ എഴുതുന്നത് മാത്രം വായിക്കുകയും വായനകാരുടെ എണ്ണം വിരളവുമായിരിക്കെ ഇവിടെ നിന്നിറങ്ങുന്ന നോവലുകളെക്കുറിച്ച് പുറംലോകം അധികമായി അറിയാതിരിക്കാൻ കാരണം നോവലിസ്റ്റുകൾ തന്നെയാണെന്നാണ് മാധ്യമങ്ങളിൽ നിന്നും മനസ്സിലാകുന്നത്. നോവലിസ്റ്റുകൾ അവരുടെ പുസ്തകം നാട്ടിൽ അച്ചടിച്ച് അവിടത്തെ ഏതോ പ്രശസ്ത സാഹിത്യകാരനെ, രാഷ്ട്രീയകാരനെ കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ച് അവിടെയുള്ള ഏതെങ്കിലും വ്യക്തിയെകൊണ്ട് (പ്രശസ്തനോ, അപ്രശസ്തനോ) ഒരു നിരൂപണം, ആസ്വാദനം എഴുതിപ്പിച്ച് അതിവിടത്തെ ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ വെളിച്ചം കാട്ടി പുസ്തക്തത്തിന്റെ കോപ്പികൾ പരിചയമുള്ളവർക്ക് അയച്ച് കൊടുത്ത് അവർ അപ്രത്യക്ഷരാകുന്നു. ചുരുക്കം ചിലർ മാത്രം ഇവിടെയുള്ളവരെകൊണ്ട് നിരൂപണം എഴുതിപ്പിച്ച്, ഇവിടത്തെ സാഹിത്യസംഘടനകളിൽ ചർച്ച ചെയ്തു പിൻവാങ്ങുന്നു. അപകർഷതബോധമുള്ള ഒരു പരദൂഷണവീരന്റെ ചെളിവാരിയെറിയൽ മൂലം ഇവിടത്തെ നിരൂപണവും, അത് ഇവിടത്തെ മാദ്ധ്യമങ്ങളിൽ വരുന്നതും പിന്നീട് അവഗണിക്കപ്പെട്ടുപോകുന്നു. ഇത് എത്രയോ ദയനീയം. നോവൽ അവിടെ സ്തംഭിച്ചു പോകുന്നു. ആടിനെ പട്ടിയാക്കുന്ന ഈ വീരന്റെ, അദ്ദേഹത്തിനു കുട പിടിച്ച് കൊടുക്കുന്ന കുറച്ച് പേരുടെ ഇരകളാകാതെ ചുരുക്കം ചിലർ രക്ഷപ്പെടുന്നെങ്കിലും നന്മയുടെ എണ്ണം അഞ്ചും തിന്മയുടെ എണ്ണം നൂറുമാണു. നന്മ ജയിക്കാൻ ഒരു കുരുക്ഷേത്ര യുദ്ധമൊക്കെ വേണം. കലിയുഗത്തിൽ അതുണ്ടാകാൻ പോകുന്നില്ല.

വാസ്തവത്തിൽ നിരൂപണങ്ങൾ, സാഹിത്യചർച്ചകൾ, അപഗ്രഥനങ്ങൾ, പഠനങ്ങൾ വായനകാരും എഴുത്തുകാരും കൂടി തുടർന്നും നടത്തുകയും അത്തരം സർഗ്ഗസംവാദങ്ങൾക്ക് നല്ല പ്രചാരമുണ്ടാകുകയും വേണം. സംഭവിക്കുന്നത് ഒരാളുടെ നുണപ്രചാരണവും അതു കേട്ട് സന്തോഷിക്കുന്ന വിധേയരുടെ പിൻതുണയും കൂടി ഒരാളുടെ ക്രുതിയെ നാമാവശേഷമാക്കുന്നു എന്ന ദുരവസ്ഥയാണു. പലരും ഇത് മനസ്സിലാക്കാതെ ക്രുതികൾ ശ്രദ്ധിക്കപ്പെടുന്നില്ലെന്ന് പരാതിപ്പെടുന്നു. സാഹിത്യത്തെ വളർത്താനുള്ള ശ്രമങ്ങൾ നടത്താതെ അതിനെ അട്ടിമറിക്കാൻ ഒരാൾ ചെയ്യുന്ന പ്രവർത്തികളെ നേരിടാൻ എല്ലാ എഴുത്തുകാരും തയ്യാറാകണം. എഴുത്തുകാർ കുറേകൂടി നട്ടെല്ലുള്ളവരായാൽ ഈ പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടാം. എന്നാൽ പലർക്കും സത്യം പറയാൻ ഭയമാണെന്നു കാണുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരേയും അവർ എഴുതുന്ന സാഹിത്യത്തിലെ വിഭിന്ന ശാഖകളേയും കുറിച്ച് മനസ്സിലാക്കാൻ കഴിവില്ലാത്തവർ അത്തരം വളർച്ചയെ തടയുന്നുണ്ടെങ്കിലും അവർ തന്നെ സാഹിത്യത്തെ പോഷിപ്പിക്കുന്ന എന്ന അംഗീകാരവും നേടി നടക്കുന്നത് അമേരിക്കൻ മലയാളി എഴുത്തുകാരുടെ ഇടയിൽ മാത്രം കാണുന്ന വിചിത്ര സ്വഭാവ വിശേഷമാണ്.

ഒരു ക്രുതിയും അച്ചടിച്ച് അലമാരയിൽ വച്ചാൽ പ്രസിദ്ധമാകുന്നില്ല. എഴുത്തുകാരും വായനക്കാരും, മാധ്യമങ്ങളും അതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എഴുത്തുകാരും വായനകാരും തമ്മിൽ നല്ല സൗഹ്രുദങ്ങൾ പുലർത്തി ഇവിടെ സാഹിത്യമില്ല, നിരൂപണമില്ല, നല്ല രചനയില്ല എന്ന ജൽപ്പനങ്ങളിൽ ന്ന് അവരുടെ രചനകളെ രക്ഷിക്കേണ്ടതാണു. നോവലിസ്റ്റുകൾ ആർഷഭാരത സംസ്കാരത്തിന്റെ മാന്ദ്യത്തിൽ നിന്നും ഉണരേണ്ടിയിരിക്കുന്നു. സംസ്കാരങ്ങളുടെ സങ്കരവും മനുഷ്യ പുരോഗതിയും അവർ മനസ്സിലാക്കണം. നമുക്കറിയുന്നത് മാത്രം നല്ലതെന്ന ബോധം മുഴുവൻ ശരിയാകണമെന്നില്ല. വിദേശത്തേക്ക് പ്രവാസികൾ കൊണ്ട് വന്നത് മാത്രം നല്ലത് പ്രവാസഭൂമിയിലെ സഭ്യതയും സംസ്കാരവും ഒരു പടി താഴെ എന്ന സങ്കൽപ്പം രചനകളിൽ ഏകപക്ഷീയമായി വരുമ്പോൾ അത് വംശീയ വിദ്വേഷം എന്ന പട്ടികയിലേക്ക് അധ:പതിക്കുമല്ലോ. അമേരിക്കൻ മലയാളി എഴുത്തുകാരുടെ ധാരാളം നോവലുകൾ ഇന്നും പ്രബുദ്ധരായ വായനകാരുടെ കയ്യിലെത്താതെ കെട്ടികിടക്കുന്നുണ്ടാകും. ഈ സാഹചര്യത്തിൽ അവാർഡുകൾക്ക് പ്രസക്തിയുണ്ട്. അവാർഡുകളെ ആരൊക്കെ പരിഹസിച്ചാലും അത്തരം അംഗീകാരങ്ങളിലൂടെ എത്രയോ പുസ്തകങ്ങളുടെ പേരു വിവരങ്ങൾ പുറത്ത് വരുന്നു.

കവിത അമേരിക്കൻ മലയാളിയുടെ ഹ്രുദയസ്പന്ദനമാണു. ഓരോ ദിവസവും എത്രയോ കവിതകൾ നമ്മൾ വായിച്ച് തള്ളുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ അമേരിക്കൻ മലയാള സാഹിത്യരംഗത്ത് കവിതകളുടെ ഒരു വെള്ളപ്പൊക്കമായിരുന്നു. പഴയ കവികൾ വിശ്രമിക്കുകയും പുതിയ കവികൾ, കവയിത്രികൾ പ്രതിദിനം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. പലരും ആധുനികത എന്ന മേൽ വിലാസത്തിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്ന പോലെ ദുർഗ്രഹമായ കവിതകൾ എഴുതി വിടുന്നുണ്ട്. മനസ്സിലാകാത്ത കവിതകൾ ഉദാത്തമെന്നു ധരിക്കുന്ന ഒരു വിഭാഗത്തിന്റെ മുന്നിലേക്ക് കവികൾ അവരുടെ ഊരാക്കുടുക്കുകൾ വീണ്ടും വീണ്ടും വലിച്ചെറിയുന്നു. നിർഭാഗ്യമെന്നു പറയട്ടെ അവക്കൊന്നും കലാമേന്മ ഇല്ലാ അല്ലെങ്കിൽതീരെ കുറവാണെന്നു അവർ മനസ്സിലാക്കുന്നില്ല. വായനകാരും ഗൗനിക്കുന്നില്ല.

സ്വയം ബുദ്ധിരാക്ഷസന്മാർ എന്നു കരുതുന്ന കുറേ പാവത്താന്മാർ കാൽപ്പനിക സൗന്ദര്യം നിറയുന്ന കവിതകളെ പൈങ്കിളി എന്നാക്ഷേപിച്ച് മേൽപ്പറഞ്ഞ കൺകെട്ടു കവിതകളെ തോളിലേറ്റി നടക്കുമ്പോൾ അസംബന്ധം എഴുതി വിടുന്നവർ അവരുടെ കലാമൂല്യമില്ലാത്ത വാക്കുകൾ നിരത്തി മലയാളഭാഷക്ക് കുറേ നോക്കുക്കുത്തികളെ സമ്മാനിക്കുന്നു. അതേസമയം കവിതകളിൽ പരാമർശങ്ങൽ (allusions) ഉൾക്കൊള്ളിച്ച് പ്രമേയത്തിന്റെ തീഷ്ണത വർദ്ധിപ്പിക്കുന്ന ഒരു സമ്പ്രദായം സ്വീകരിക്കുന്ന കവികളും ഉണ്ട്. ഡോക്ടർ ജോയ് ടി കുഞ്ഞാപ്പുവിന്റെ (Refereeing) എന്ന ഇംഗ്ലീഷ് കവിതയെപ്പറ്റിയുള്ള നിരൂപണത്തിൽ നിന്നും ഉദ്ധരിക്കുന്നു. "മറ്റുള്ളവരെ വിധിക്കാൻ മുതിരുന്ന നാഡികോശത്തെ ഗൈറോസ്കോപ്പിനോട് ഉപമിച്ചിട്ടുണ്ട്. ഈ ഉപകരണം ഒരു അച്ചുതണ്ഡിൽ പമ്പരം പോലെ കറങ്ങുന്നതാണു. അതിന്റെ പ്രത്യേകത ഒരേ ദിശയിലേക്ക് മാത്രമാണു കറങ്ങുന്നതെന്നാണു. കവിതയുടെ ആരംഭത്തിൽ വിധി നിർണ്ണായക ന്യൂനതകളെ വിവരിക്കുന്നത് ഇങ്ങനെ. അന്യന്റെ പോരായ്മകളുടെ

അല്ലെങ്കിൽ തെറ്റുകളുടെ ഒരു കിരണം കാണുമ്പോഴെക്കും അവിടേക്ക് മുഴുവൻ ശ്രദ്ധയുടെ ഒരു പ്രവാഹം ഉണ്ടാകുന്നു. അപരനിൽ പൂർണ്ണതയുടെ ദ്രുശ്യം പ്രകാശിക്കുമ്പോൾ നാഡികോശത്തിനു ഉദാസീനത സംഭവിക്കുന്നു സ്വന്തം കണ്ണിലെ കോലു കാണാതെ അന്യൻെറ കണ്ണിലെ കരട് അന്വേഷിക്കുന്ന പ്രവണത. ഇവിടെ നമ്മൾ കാണുന്നത് ചിന്തിക്കാതെ ചിന്തിക്കാനുള്ള മനുഷ്യൻെറ സവിശേഷതയെയാണു്. കവി വിരൽ ചൂണ്ടുന്നത് അവിടേക്കാണു. ഈ വിവരണം ഗൈറോസ്കോപ്പിൻെറ ഉദാഹരണത്തിലൂടെ വായിക്കുമ്പോൾ അനുവാചകമനസ്സിൽ വിസ്മയത്തിൻെറ ചിരിമിന്നൽ ഉണ്ടാകുന്നു. "

അമേരിക്കൻ മലയാളികളുടെ കവിതകൾ മുഴുവൻ സർഗ്ഗത്മകരചനകൾ എന്നു വിശേഷിപ്പിക്കാൻ വിഷമമുണ്ട്. പലരും അവരുടെ പ്രതിഭാപ്രസരം പ്രകടിപ്പിക്കയാണു ചെയ്യുന്നത്. അപ്പോൾ കവിതയുടെ ആത്മാവ് നഷ്ടപ്പെടുന്നു. സർഗാത്മകരചനകളേക്കാൾ പലപ്പോഴും നമ്മൾ വായിക്കുന്നത് എഴുതാൻ വേണ്ടി കവികൾ ആലോചിച്ചുണ്ടാക്കിയ നിർജീവമായ രചനകളാണ്. കാൽപ്പനികതയുടെ മേമ്പൊടി ചേർത്ത് എഴുതുന്ന ശുദ്ധസാങ്കൽപിക കവിതകൾക്ക് വായനാസുഖമെങ്കിലുമുണ്ടാകും. മിക്ക കവിതകളിലും ദാർശനിക സമസ്യകളോ, ഇവിടത്തെ സമകാലിക പ്രമേയങ്ങളോ വളരെ വിരളമായെ കാണുന്നുള്ളു. കാൽപ്പനിക ലാവണ്യവും ശാലീനതയുമുള്ള കവിതകൾ വല്ലപ്പോഴും പ്രത്യക്ഷപ്പെടുന്നത് ഒരു അനുഗ്രഹം തന്നെ. കവിത എഴുത്ത് വളരെ സുഗമമാണെന്നു ധരിച്ച് ഒരാൾ എഴുതുന്നപോലെ അനുകരിക്കാനും ആളുകളുണ്ടായി. അർത്ഥസമ്പുഷ്ടവും ലാളിത്യവുമുള്ള കവിതകൾ എഴുതിയാൽ ജനപ്രിയമെന്ന മുദ്ര ചാർത്തപ്പെടുമെന്നു ഭയന്ന് നല്ല കവിതകൾ എഴുതാൻ കഴിവുള്ളവർ പോലും വെറുതെ വാക്കുകൾ നിരത്തി കവിത എന്നു പേരിട്ട് കാവ്യദേവതയുടെ കരണത്തടിക്കുന്നു.

കാവ്യപാരമ്പര്യത്തിൽ നിന്നും വ്യതിചലിക്കാതെ, എന്നാൽ കവിതയുടെ വളർച്ചയും, മാറ്റങ്ങളും മനസ്സിലാക്കി കവിതാ രചനയിൽ അവരുടേതായ ശൈലികൾ വികസിപ്പിച്ചവരാണു ശ്രീമതി എത്സി യോഹന്നൻ ശങ്കരത്തിൽ, അബ്ദുൾ പുന്നയൂർക്കുളം ബിന്ദു ടി.ജി., ജോസ് ചെരിപുരം, പീറ്റർ നീണ്ടൂർ, ജി. പുത്തൻകുരിശ്, ജയൻ വർഗീസ്, ജോൺ വേറ്റം, ഡോക്ടർ നന്ദകുമാർ, മോൻസി കൊടുമൺ, റെജിസ് നെടുങ്ങാടപ്പിള്ളി തുടങ്ങിയവർ. കാവ്യരചനയിൽ വന്ന നൂതനരീതികൾ പരീക്ഷിക്കയും ആധുനികത എന്ന സങ്കൽപ്പത്തിനൊപ്പം കവിതകൾ എഴുതുന്നവരുമാണ് ജയൻ കെ.സി., തമ്പി ആൻറണി, ഡോണ മയൂര, ജോർജ് നടവയൽ, റജിസ് നെടുങ്ങാടപ്പിള്ളി, ത്രേസ്യാമ്മ നാടാവള്ളി, ജോർജ് നടവയൽ, ജോസഫ് നമ്പിമഠം, സോയ നായർ, അനിത പണിക്കർ, ഗീത രാജൻ, രാജു തോമസ്, സന്തോഷ് പാല ഡോക്ടർ ജോയ് ടി.കുഞ്ഞാപ്പു. ഇവർ കവിതയുടെ രൂപത്തിലും ദർശനത്തിലും അവരുടേതായ മാറ്റങ്ങൾ വരുത്തി പുതുമയുണ്ടാക്കാൻ ശ്രമിച്ചതായി കാണുന്നു. ചുരുക്കം ചില കവികളുടെ കവിതകളിൽ അവ .സൂചനകളിലൂടെ (Allusions) ഒരു പ്രമേയം ബലപ്പെടുത്തുമ്പോൾ അതിൻെറ അർത്ഥതലങ്ങൾ കണ്ടെത്താൻ ധാരാളം പുസ്തകങ്ങളിലൂടെ അറിവു നേടിയ വായനകാരനു മാത്രമേ കഴിയു. എഴുത്തുകാർ എഴുത്തിനോട് എന്തുമാത്രം പ്രതിജ്ഞാബദ്ധരാണെന്നു അവരുടെ രചനകൾ വ്യക്തമാക്കുന്നു. സ്റ്റീഫൻ മല്ലാർ മേ (1842–1898) പറഞ്ഞപോലെ കവിത നിർമ്മിക്കുന്നത് "ആശയങ്ങൾ കൊണ്ടല്ല വാക്കുകൾകൊണ്ടാണെന്ന്" ധരിക്കുന്ന അമേരിക്കൻ മലയാളകവികളുമുണ്ട്. വികാരങ്ങളുടേയും വ്യക്തിത്വത്തിൻേറയും ഭാവാവിഷ്കാരമല്ല അതിൽ നിന്നുമുള്ള പലായനമാണു കവിത എന്നു പറഞ്ഞ ടി.എസ്. എലിയാറ്റിനെ പിൻതുടരുന്ന കവികളും നമുക്കുണ്ട്. അമേരിക്കൻ കവി വാൾട് വിറ്റ്മാൻ തൻെറ പുൽ–പത്രങ്ങൾ (Leaves of Grass) എന്ന കവിതയിലൂടെ മുക്തഛന്ദസ്സിലുള്ള കവിതക്ക് നാന്ദി കുറിച്ചു. അതേസമയം ഫ്രഞ്ച്കവി ചാൾസ് ബോദ്‌ലേർ ഒരു ലഘു ഗദ്യസമാഹാരമിറക്കി കവിതക്ക് ഗദ്യവും ഒരു ഉപാധിയാണെന്നു തെളിയിച്ചു. ഇപ്പോൾ ശുദ്ധമായ ഗദ്യത്തിൽ മലയാളകവികളും കവിതകൾ എഴുതുന്നുണ്ട്. അമേരിക്കയിലെ ചില കവികളും അതുപയോഗിക്കുന്നുണ്ട്. പക്ഷെ എത്രമാത്രം വിജയകരമായി അതുപയോഗിക്കുന്നുവെന്ന കാര്യത്തിൽ സംശയങ്ങളുണ്ട്.

അനുകർത്താക്കളാണു അമേരിക്കൻ മലയാളി എഴുത്തുകാരുടെ എണ്ണം കൂട്ടിയത്. അമേരിക്കൻ മലയാള സാഹിത്യത്തിൻെറ ശാപവും അവർ തന്നെ. സർഗ്ഗസ്രുഷ്ടി അത്ര പ്രയാസമുള്ള കാര്യമൊന്നുമല്ല വേണമെങ്കിൽ ഞങ്ങൾക്കും സാധിക്കുമെന്നു വെല്ലു വിളിച്ച് പേനയെടുത്ത് വരുന്നവർ മറ്റുള്ളവർ എഴുതുന്നത് നോക്കി അതേപോലെ അനുകരിക്കുന്നു. കവിതയും നിരൂപണവും ലേഖനവുമാണു അധികവും അനുകരിക്കപ്പെടുന്നത്. കഥ എഴുതുന്നവരുടെ എണ്ണം കുറവാണു. ആ കല

അനുകരിക്കാൻ ബുദ്ധിമുട്ടായത്കൊണ്ട് തന്നെ ആ മേഖലയിലേക്ക് അധികം പേർ കടന്നു വന്നില്ല. അതുകൊണ്ട് കഥാലോകത്ത് കള്ളനാണയങ്ങൾ ഉണ്ടായില്ല. തന്മൂലം കഥകൾ പലതും നിലവാരം പുലർത്തി. ഇവിടത്തെ മുഖ്യധാരയിൽ നിൽക്കുന്നവരുടെ ചില പേരുകൾ, ലൈല അലെക്സ്, നീന പനക്കൽ, റീനി മമ്പലം, നിർമ്മല തോമസ്, സരോജ വർഗീസ്, മാലിനി, സി.എം.സി, ബിജു ചെമാന്ത്ര, മുരളി ജെ നായർ, സാംസി കൊടുമൺ, രാജു ചിറമണ്ണേൽ, ജോൺ വേറ്റം എന്നിവരാണ്.

ഇവിടത്തെ എഴുത്തുകാരെ അവഗണനയോടെ, അവജ്ഞയോടെ കണ്ടത് ഇവിടെയുള്ള എഴുത്തുകാരും, വായനക്കാരും (അങ്ങനെ ശക്തമായ ഒരു വിഭാഗം ഉണ്ടെങ്കിൽ കാരണം നീർക്കോലികൾക്കും അത്താഴം മുടക്കാൻ സാധിക്കും) ഒരു പരിധി വരെ മാധ്യമങ്ങളുമല്ലേ എന്ന് താഴെ വിവരിക്കുന്ന സംഗതികൾ നിർഭാഗ്യവശാൽ സാക്ഷ്യം വഹിക്കുന്നു.

ഇവിടത്തെ എഴുത്തുകാർ കാലമാടന്മാരും, തല്ലിപ്പൊളികളുമാണെന്ന് കലാകൗമുദിയിൽ എഴുതിയത് നാട്ടിലെ എഴുത്തുകാരല്ല. ഇവിടെയുള്ള എഴുത്തുകാർ ശുംഭന്മാരാണെന്ന് ഇവിടത്തെ ഒരു പത്രത്തിൽ എഴുതിയതും നാട്ടിലെ എഴുത്തുകാരനോ എഴുത്തുകാരിയോ അല്ല. ഇവിടത്തെ എഴുത്തുകാർ കാശ് കൊടുത്ത് വല്ലവരേയും കൊണ്ടെഴുതിച്ച് സ്വന്തം പേരു വച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു എന്ന് എഴുതുന്നത്, പറയുന്നത് നാട്ടിലെ എഴുത്തുകാരോ മാദ്ധ്യമങ്ങളോ അല്ല. അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളെ കുറിച്ചുള്ള നിരൂപണങ്ങൾ വന്നപ്പോൾ അത് പുറം ചൊറിയലാണെന്നും, നിരൂപണം എന്നാൽ എഴുത്തുകാരനെ കുറ്റം പറയുകയും, അധിക്ഷേപിക്കുകയുമാണെന്ന് അടക്കം പറഞ്ഞതും നാട്ടിലെ എഴുതുകാരോ, മാദ്ധ്യമങ്ങളോ അല്ല. ഇവിടത്തെ ഏതെങ്കിലും എഴുത്തുകാർക്ക് നാട്ടിൽ നിന്നും അവാർഡുകൾ കിട്ടിയപ്പോൾ അത് കാശു് കൊടുത്ത് സംഘടിപ്പിച്ചതാണെന്ന് (ചിലത് അങ്ങനെയായിരുന്നുവെന്നത് ലജ്ജാവഹം) നിസ്സങ്കോചം പറഞ്ഞ് പരത്തിയവർ നാട്ടിലുള്ളവർ അല്ല. കണ്ടു വായിച്ചില്ല, അല്ലെങ്കിൽ ഇവിടെയുള്ള എഴുത്തുകാർ എഴുതുന്നത് ഞങ്ങൾക്ക് വേണ്ട നാട്ടിലെ എഴുത്തുകാർ എഴുതുന്നത് മതിയെന്ന് പറഞ്ഞതും നാട്ടിലുള്ളവർ അല്ല. സ്വന്തം ശിങ്കിടികൾ എഴുതുന്നത് ഉദാത്തം, അപാരം, അസാദ്ധ്യം എന്നും ആരുടേയും കാൽക്കൽ വീഴാത്ത നട്ടെല്ല് ഉള്ളവർ എഴുതുന്നത് ചവറ് എന്നും പറഞ്ഞത് നാട്ടിലെ എഴുത്തുകാരോ മാദ്ധ്യമങ്ങളോ അല്ല. ഒരു മരക്കച്ചവടക്കാരന്റെ പരസ്യപ്പണത്തിന്റെ മുന്നിൽ ഒരു എഴുത്തുകാരന്റെ രചനകൾ ഏകദേശം രണ്ടു ദശാബ്ദകാലം ഒരു പത്രം തിരസ്കരിച്ചതും എവിടെയാണ്, നാട്ടിലല്ല. അമേരിക്കൻ മലയാളി എഴുത്തുകാർ തമ്മിലുള്ള സ്പർദ്ധയും, സഹകരണക്കുറവും, പരസ്പരം കുറ്റം പറയലും, അങ്ങനെ ഉണ്ടെങ്കിൽ അതിനുത്തരവാദി നാട്ടിലുള്ളവർ അല്ല.

നിരൂപണത്തെ കുറിച്ച് അമേരിക്കൻ മലയാളികൾക്കുള്ള അഭിപ്രായത്തിനു ഉത്തരവാദി പരേതനായ ശ്രീ എം.ക്രുഷ്ണൻ നായരായിരിക്കും. ശ്രീ ജോസ് ചെരിപുറത്തിന്റെ ഒരു കവിതയിൽ അദ്ദേഹം എഴുതി "അമേരിക്കൻ മലയാളി എഴുത്തുകാർ പലരും മദ്ധ്യവയസ്സ് കഴിഞ്ഞപ്പോൾ സാഹിത്യത്തിലേക്ക് കടന്നുവന്നു" എന്ന്. ഇതു ശരിയാണെങ്കിൽ അവരിൽ പലരും മലയാളത്തിലെ ശ്രേഷ്ഠ നിരൂപകരായിരുന്ന ഏ.ആർ. രാജരാജ വർമ്മ , കേസരി ബാലക്രുഷ്ണ പിള്ള, കുട്ടിക്ക്രുഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, സുകുമാർ അഴീക്കോട്, എം.കെ. സാനു, എസ്.ഗുപ്തൻ നായർ, എം. ലീലാവതി, കെ.പി.അപ്പൻ, നരേന്ദ്രപ്രസാദ് മുതലായവർ എഴുതിയ നിരൂപണങ്ങൾ വായിക്കാൻ വഴിയില്ല. അവർ ആദ്യം വായിച്ചത് ഇവിടത്തെ ഒരു മലയാള പ്രസിദ്ധീകരണത്തിൽ ശ്രീ എം.ക്രുഷ്ണൻ നായർ എഴുതിയ നിരൂപണങ്ങൾ ആയിരിക്കാം. വിശ്വോത്തരക്രുതികൾ വായിച്ച് അനുഭൂതി പൂണ്ടിരുന്ന ശ്രീ നായർക്ക് ഇവിടത്തെ എഴുത്തുകാരുടെ രചനകൾ കണ്ട് കലി കയറി, അദ്ദേഹം അവയെ നിശിതം വിമർശിച്ചു. അദ്ദേഹത്തിന്റെ നിരൂപണ ശൈലിയിൽ എഴുത്തുകാരനെ അധിക്ഷേപിക്കുന്ന ഒരു പ്രവണത കാണാം. അത് ശരിയായിക്കൊള്ളണമെന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ കമൻറുകൾ അക്കാലത്ത് മലയാളികളെ രസിപ്പിച്ചിരുന്നു. സ്വാഭാവികമായി അവർ അത്തരം നിരൂപണങ്ങൾ മറ്റു നിരൂപകരിൽ നിന്നും പ്രതീക്ഷിച്ചത് അവരുടെ തെറ്റല്ല. ശ്രീ നായർ ചിലരുടെയൊക്കെ രചനകളെ പ്രശംസിച്ചിരുന്നു.

ഇവിടെയുള്ള പലരും നാട്ടിലെ മാദ്ധ്യമങ്ങളിൽ എഴുതി. നാട്ടിലെ മാദ്ധ്യമങ്ങൾ അവരുടെ രചനകൾ സ്വീകരിച്ചു. അതിൽ നിന്നും നാട്ടിലെ മാദ്ധ്യമങ്ങൾ അമേരിക്കൻ മലയാളി എഴുത്തുകാരേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. നല്ല

എഴുത്തുകാരും ചീത്ത എഴുത്തുകാരും എക്കാലത്തും എല്ലായിടത്തും ഉണ്ടായിട്ടുണ്ട്. അവർ തമ്മിലുള്ള വ്യത്യാസം – ചീത്ത എഴുത്തുകാർ കുറെ എഴുതി നിറുത്തികളയുന്നു. നല്ല എഴുത്തുകാർ എഴുതികൊണ്ടേയിരിക്കുന്നു. അമേരിക്കയിൽ വായനക്കാരേക്കാൾ കൂടുതൽ എഴുത്തുകാരാണെന്ന് ശ്രീ മധു നായർ പറഞ്ഞത് ശരിയായിരിക്കാം. ധാരാളം എഴുത്തുകാർ പ്രതിദിനം പ്രത്യക്ഷപ്പെടുന്നു. അവരിൽ എത്ര പേർ എഴുത്തുകാർ എന്ന പേരിൽ രക്ഷപ്പെടുമെന്നു കണ്ടറിയേണ്ടതാണ്.

അമേരിക്കൻ മലയാളി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കേണ്ടത് ഇവിടെയുള്ള വായനക്കാരും മാദ്ധ്യമങ്ങളുമണ്. ലാന, ഫൊക്കാന, ഫോമ തുടങ്ങിയ പ്രമുഖ സംഘടനകൾ ആ കർമ്മം ഭംഗിയായി നിർവഹിക്കുന്നതായി പതങ്ങളിൽ കാണുന്നുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാരുടെ സംഘടനയായ ലാന ഇവിടെയുള്ള എഴുത്തുകാരുടെ തിരഞ്ഞെടുത്ത രചനകൾ സമാഹരിച്ച് ഒരു പുസ്തകം ഇറക്കിയത് അമേരിക്കൻ മലയാളസാഹിത്യത്തിലെ ഒരു നാഴികക്കല്ലായി കരുതാവുന്നതാണു. ഡാല്ലസ്സിലേയും ഹൂസ്റ്റനിലേയും എഴുത്തുകാർ കവിതാ, കഥാസമാഹാരങ്ങൾ ഇറക്കി മാത്രുക കാണിച്ചവരാണു. ഫോറിൻ കവിതകൾ(അമേരിക്ക) എന്ന പേരിൽ അമേരിക്കൻ മലയാളിയായ കവി റജീസ് നെടുങ്ങാടപ്പിള്ളി അദ്ദേഹത്തിൻെറ സ്വന്തം ചിലവിൽ ഒരു കവിതാ സമാഹാരമിറക്കുകയുണ്ടായി. അതിനു മുമ്പും അദ്ദേഹം അതേപോലെ ഒരു സമാഹാരമിറക്കിയിരുന്നു. അമേരിക്കൻ മലയാളികളിൽ പലരും മാത്രുഭാഷ പ്രേമികളായതുകൊണ്ട് മലയാളഭാഷയും, കേരളീയ കലകളും ഇവിടെ തഴച്ചു വളരും.

ശ്രീ ജോസ് തയ്യലിൻെറ പത്രാധിപത്വത്തിൽ ന്യൂയോർക്കിൽ നിന്നും ഇറങ്ങുന്ന പ്രസിദ്ധീകരണത്തിൻെറ താളുകൾ എന്നും ഇവിടത്തെ എഴുത്തുകാർക്കായി മാത്രം അദ്ദേഹം നീക്കി വച്ചിരിക്കുന്നു. ഓരൊ പ്രസിദ്ധീകരണങ്ങൾക്കും അവരുടേതായ നയങ്ങൾ ഉണ്ട്. വായനക്കാരുടെ അഭിരുചിയും താൽപ്പര്യവും നോക്കേണ്ടത് അവരുടെ ധർമ്മമാണു. എഴുത്തുകാർ എഴുതുന്നത് വായിക്കാനും മനസ്സിലാക്കാനും ആസ്വദിക്കാനും ആളില്ലെങ്കിൽ പിന്നെ എന്തു പ്രയോജനം? എല്ലാ നല്ല രചനകളും അവ ആസ്വാദകർ തിരിച്ചറിഞ്ഞപ്പോഴാണു പ്രസിദ്ധമായത്. നാട്ടിലും ഇവിടേയും നല്ല എഴുത്തുകാരും ചീത്ത എഴുത്തുകാരും ഉണ്ട്. നാട്ടിൽ എഴുതുന്നവർ മുഴുവൻ നല്ലത് ഇവിടെയുള്ളവർ ചീത്ത എന്ന ചിന്താഗതി ശരിയാണോ എന്നറിയില്ല. എഴുത്തുകാരിൽ നിന്നും എഴുത്തുകാരെ തിരിച്ചറിയുക എന്ന് ഈ ലേഖകൻ അഭിപ്രായപ്പെട്ടത് എല്ലാവരേയും ഒരു നുകത്തിൽ കെട്ടി ഉഴുന്ന സമ്പ്രദായം ശരിയല്ലെന്ന് തോന്നിയത് കൊണ്ടാണു. എല്ലാവരും എഴുത്തുകാർ എന്ന പദവിയുമായി പ്രത്യക്ഷപ്പെടുന്നത് കണ്ടത്കൊണ്ടാണു. ഒരാൾ എഴുതുന്നത് കണ്ട് എനിക്കും ഇങ്ങനെ സാധിക്കുമെന്ന വിശ്വാസത്തിൽ എഴുതുമ്പോൾ അത് നല്ല സാഹിത്യമാകുന്നില്ല. അത് മൗലികതയില്ലാത്ത നിർജീവ സ്രുഷ്ടിയായിരിക്കും. വായനക്കാർ ശ്രദ്ധിക്കുകയും പ്രതികരിക്കയും ചെയ്യുമ്പോൾ അത്തരം കളകളെ പിഴുതു കളയാൻ പ്രയാസമില്ല.

തൊണ്ണൂറുകളിൽ അച്ചടി മാധ്യമങ്ങളുടെ കുതിച്ച് കയറ്റമുണ്ടായപോലെ രണ്ടായിരത്തിനു ശേഷം എണ്ണമറ്റ ഓൺലൈൻ പബ്ലിക്കേഷൻസ് പ്രത്യക്ഷപ്പെടുകയുണ്ടായി. പല എഴുത്തുകാരും അവരുടേതായ ബ്ലോഗുകൾ ഉണ്ടാക്കി പ്രസിദ്ധീകരണ രംഗത്ത് ഒരു വലിയ ചലനമുണ്ടാക്കി. അമേരിക്കൻ മലയാളി എഴുത്തുകാർക്ക് അവരുടെ ക്രുതികൾ പ്രസാധനം ചെയ്യാൻ ഇ-മലയാളി, ജോയിച്ചൻ പുതുക്കുളം, മലയാളം ഡെയിലി ന്യൂസ് എന്നീ ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ സഹായകമായി. രചനകളെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ പത്രാധിപർ അവസരമൊരുക്കി. ഇവയിൽ ഇ-മലയാളി എന്ന പ്രസിദ്ധീകരണത്തിൽ സ്വന്തം പേരു വയ്ക്കാതെ അഭിപ്രായങ്ങൾ എഴുതിവിടുന്നവരുണ്ട്. അത്തരം പേരില്ലാ വിമർശനങ്ങൾ വെറും നേരമ്പോക്കായി വായനകാർ കരുതുന്നു. എന്നാൽ പുല്ലിനടിയിലെ പാമ്പെന്ന പോലെ വല്ലവൻേറയും കാൽകീഴിൽ കിടന്നു അവർക്ക് വേണ്ടി വാദിക്കാൻ, സ്നേഹപൂർവ്വം മാതാപിതാക്കൾ ഓമനിച്ച് നൽകിയ നല്ല പേരുകൾ മറച്ച് വച്ച് നാണം കെട്ട് വരുന്നവരുമുണ്ട്. അവരോട് സഹതപിക്കാം. എല്ലാ ഓൺലൈൻ പ്രസിദ്ധീകരണങ്ങളും എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നു. ഇ-മലയാളി ധാരാളം പുതിയ പംക്തികൾ എഴുത്തുകാർക്ക് വേണ്ടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എഴുത്തുകരുടെ ഒരു ഡയറക്ടറിയും, അമേരിക്കൻ മലയാളി എഴുത്തുകാരുടെ പുസ്തകങ്ങൾ വിൽക്കാനുള്ള സംവിധാനങ്ങളും അവർ ഒരുക്കിയിട്ടുണ്ട്. വായനക്കാർ തിരഞ്ഞെടുക്കുന്ന ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന എഴുത്തുകാരൻ, നല്ല കഥാക്രുത്ത്, നല്ല കവി തുടങ്ങി പല വിഭാഗത്തിലും നല്ല രചനകൾ നടത്തിയിട്ടുള്ളവരെ ഇ-മലയാളി പ്രതിവർഷം ആദരിക്കുന്നു. ഈ വർഷം മേയ് മാസത്തിൽ അവർ സംഘടിപ്പിച്ച ഒരു ചടങ്ങിൽ വച്ച് ഇവിടത്തെ എഴുതുകാർക്ക്

അവാർഡുകൾ നൽകി ആദരിക്കയുണ്ടായി. സ്വയം നല്ല ഒരു എഴുത്തുകാരനായ മൊയ്തീൻ പുത്തൻ ചിറ പ്രസിദ്ധീകരിക്കുന്ന മലയാളം ഡെയിലിന്യൂസ് അവരുടെ എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിച്ചതിനു ശേഷം അതിൻെറ ലിങ്കുകൾ അവർക്ക് അയച്ച് കൊടുക്കുന്നു. എഴുത്തുകാരുടെ ചോദ്യങ്ങൾക്ക് ക്രുത്യമായി മറുപടി കൊടുക്കുന്നു. എഴുത്തുകാരുടെ അഭിപ്രായങ്ങൾ പ്രാബല്യത്തിൽ വരുത്താൻ സന്നദ്ധത കാണിക്കുന്നു. ജോയിച്ചൻ പുതുകുളം പ്രതിദിനമുള്ള രചനകളെ ഇ-മെയിൽ വഴി അനവധി പേർക്ക് എത്തിക്കുന്നു. എഴുത്തുകാരുടെ അഭ്യർത്ഥനകളെ മാനിക്കുന്നു. ചുരുക്കത്തിൽ പ്രസിദ്ധീകരണങ്ങളെല്ലാം അമേരിക്കൻ മലയാളസാഹിത്യത്തെ പ്രോത്സഹിപ്പിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവരാണു.

അമേരിക്കൻ മലയാള സാഹിത്യത്തെ ആദ്യം മുതൽ നിരീക്ഷിക്കുകയും നിരൂപണങ്ങൾ എഴുതുകയും ചെയ്തിരുന്ന ഈ ലേഖകൻ തൻെറ നിരൂപണങ്ങളുടെ ഒരു സമാഹാരം 2013 ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രവാസസാഹിത്യത്തിലെ പ്രഥമ വിമർശനഗ്രന്ഥം എന്ന ഖ്യാതി നേടിയ പ്രസ്തുത പുസ്തകം ഇന്നും ഭാഷാസ്നേഹികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

അമേരിക്കൻ മലയാളി എഴുത്തുകാരി സരോജ വർഗ്ഗീസ്സ് സാഹിത്യത്തിലെ വിവിധ മേഖലകളിൽ തൻേറതായ വ്യക്തി മുദ്ര പതിപ്പിച്ചയാളാണ്. അവരുടെ ആത്മകഥ 2010 ൽ പ്രസിദ്ധീകരിച്ചു. ഭർത്താവിൻെറ വിയോഗത്തിൽ മനം നൊന്ത് അവർ രചിച്ച "പ്രിയ ജോ നിനക്കായ് ഈ വരികൾ" എന്ന ക്രുതി പ്രവാസസാഹിത്യത്തിലെ ആദ്യത്തെ ഓർമ്മക്കുറിപ്പുകൾ എന്ന വിഭാഗത്തിൽ പെടുത്താവുന്ന പുസ്തകമാണു. അതേപോലെ സഞ്ചാരസാഹിത്യം എഴുതിയ പ്രഥമ അമേരിക്കൻ മലയാളി എഴുത്തുകാരിയാണിവർ. ബിരുദത്തിനു പഠിക്കുമ്പോൾ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ചതിനു സമ്മാനം നേടിയ അമേരിക്കൻ മലയാളി എഴുത്തുകാരി അഡ്വക്കെറ്റ് രതീ ദേവിയുടെ അടിമവംശം എന്ന പുസ്തകത്തിൻെറ വളരെയധികം കോപ്പികൾ വിറ്റഴിയുകയും പ്രസിദ്ധിയാർജ്ജിക്കയും ചെയ്തിട്ടുണ്ട്. അവരുടെ മഗ്ദ്ലീനയുടെ (എൻേറയും) പെൺസുവിശേഷം എന്ന പുസ്തകം ഇന്നു അന്തർദ്ദേശീയ തലത്തിൽ ചർച്ചചെയ്യപ്പെടുന്നത് അമേരിക്കൻ മലയാളികൾക്ക് അഭിമാനമാണ്. വിദ്യാർത്ഥി ജീവിതം മുതൽ ആരംഭിച്ച കാവ്യസപര്യ വിശ്രമജീവിതം നയിക്കുമ്പോഴും അതേ ആവേശത്തോടെ, ഉത്സാഹത്തോടെ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിൽ തുടരുന്നു. ഇംഗ്ലീഷ് ഭാഷയിൽ നിന്നും നല്ല നല്ല ക്രുതികൾ വിവർത്തനം ചെയ്തു മലയാള ഭാഷയെ സമ്പന്നമാക്കുന്നു ശ്രീ പുത്തെൻ കുരിശ്ശ്. അഞ്ച് വ്യാഴവട്ടക്കാലത്തിനു മുമ്പ് ഡോക്ടർ എ.കെ.ബി. എഴുതിയ കഥകകളിൽ നിന്നും വ്യത്യസ്ഥമായി ഡോക്ടർ എ.കെ.ബി.പിള്ള ഇപ്പോൾ എഴുതുന്ന കഥകൾ കഥാലോകത്ത് ഒരു നൂതന രീതി അവതരിപ്പിക്കുന്ന വിധത്തിലാണു. ആധുനികത എന്ന അസംബന്ധത്തിൽ നിന്നും ഒഴിഞ്ഞ് എന്നാൽ ഈ കാലഘട്ടത്തിൻെറ മൂല്യച്യുതികൾ കണ്ടറിഞ്ഞ് അത് കലാപരമായി ആവിഷ്ക്കരിക്കുക എന്ന ശൈലിയാണു അദേഹം അവലംബിക്കുന്നത്. മലയാള ചെറുകഥകളുടെ വികാസ കാലഘട്ടം മുതൽ ആ കല പരീക്ഷിക്കുകയും അനവധി കഥകളും നോവലുകളും മലയാള ഭാഷക്ക് സമ്മാനിക്കുകയും ചെയ്ത അദ്ദേഹത്തിൻെറ ഇപ്പോഴത്തെ ക്രുതികൾ മലയാള സാഹിത്യത്തിലെ കഥ-നോവൽ മേഖലയുടെ വളർച്ചയും വികാസവും വായനകാരെ പരിചയപ്പെടുത്തുന്ന രീതിയിലാണു. പുതിയ സഹസ്രാബ്ദത്തിലേക്ക് പുതിയ ബൈബിൾ എന്ന പുസ്തക പരമ്പര എഴുതി ശ്രീ ആൻഡ്രൂസ് വിശ്വാസികളുടെ ചിന്തകളോട് ഇതിലേ ഇതിലേ എന്നു വിളിച്ച് പറഞ്ഞു.

അമേരിക്കൻ മലയാള സാഹിത്യം ലേഖനങ്ങളാൽ സമ്രുദ്ധമാണ്. എന്തു കണ്ടാലും കേട്ടാലും ഉടനെ പേന എടുത്ത് എന്തെങ്കിലും കുത്തിക്കുറിക്കുന്നവരും ധാരാളമുണ്ട്. ആശയ സമ്പുഷ്ടമായ ലേഖനങ്ങൾ എഴുതുന്നവരിൽ പ്രമുഖരാണു ജോസഫ് പടന്നമാക്കലും, വാസുദേവ് പുളിക്കലും.ആദ്യകാലങ്ങളിൽ ശ്രീ ജയൻ വർഗീസും ഈടുറ്റ ലേഖനങ്ങൾ എഴുതിയിരുന്നു. നോവലിസ്റ്റുകളും ചെറുകഥാക്രുത്തുക്കളുമാണെങ്കിലും ജോൺ മാത്യുവും, ജോൺ വേറ്റവും നല്ല ലേഖനങ്ങൾ എഴുതുന്നു. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് ഡോക്ടർ എൻ.പി.ഷീല, തോമസ് ഫിലിപ്പ് റാന്നി, എ.സി. ജോർജ്, കോരസൻ വർഗീസ്, ജോർജ് നടവയൽ, പി.ടി.പൗലോസ്, ഇ.എം. സ്റ്റീഫൻ, ബിനോയ് സെബാസ്റ്റ്യൻ, ജോസ് കാടാപ്പുറം, ബ്ലസ്സൻ ഹൂസ്റ്റൻ , ഷോലി കുമ്പിളുവേലി, വർഗീസ് എബ്രഹാം ഡെൻവർ, എബ്രാഹം തെക്കെമ്മുറി തുടങ്ങിയവർ എഴുതുന്നു. ഗൗരവതരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനം എഴുതുമ്പോഴും കാൽപ്പനിക സൗന്ദര്യം കലർത്തി അവയെ മനോഹരമാക്കാൻ മീനു

എലിസബത്ത് എന്ന എഴുത്തുകാരിക്ക് കഴിവുണ്ട്. വാങ്മയചിത്രങ്ങൾ കൊണ്ട് രചനകളെ ആകർഷകമാക്കാൻ ശ്രീ ജോർജ് തുമ്പയിലിനു കഴിയുന്നു. പ്രക്രുതിയുടെ നിഴലുകൾ തേടി എന്ന പരമ്പരയിൽ പ്രക്രുതി സൗന്ദര്യം വാക്കുകളുടെ സൗന്ദര്യത്തിൽ ഇഴുകിച്ചേർന്ന് അലയടിച്ച്കൊണ്ട് വായനകാരുടെ മുന്നിൽ ഓളം വെട്ടുന്ന പ്രതീതി ജനിപ്പിക്കതക്കവിധമായിരുന്നു. കാലിക പ്രാധാന്യമുള്ള വിഷയങ്ങൾക്കൊപ്പം വിജ്ഞാനപ്രദമായ ലേഖനങ്ങളും അദ്ദേഹം എഴുതുന്നു. പ്രവാസികളുടെ പ്രശ്നങ്ങളെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിലേക്ക് കൊണ്ട്വരാൻ വേണ്ടി ശ്രീ മൊയ്തീൻ പുത്തൻചിറ എഴുതുന്ന തിളക്കമാർന്ന, ഉജ്ജ്വലമായ (dazzling and brilliant) ലേഖനങ്ങൾ വളരെ ശ്രദ്ധിക്കപ്പെട്ടവയാണു. കൂടാതെ വിവരണാത്മകമായ, വിശദീകരണങ്ങളോടുകൂടിയ, അനുനയക്ഷമമായ ലേഖനങ്ങളും ഇദ്ദേഹം എഴുതുന്നു. അമേരിക്കൻ മലയാളിയാകുന്നതിനു മുമ്പ് ഗൾഫിലും പ്രവാസിയായി കഴിഞ്ഞിരുന്ന ഇദ്ദേഹം രണ്ട് രാജ്യങ്ങളിലും പ്രവാസികൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും സ്വന്തം നാട്ടിലെ അവസരങ്ങൾ നഷ്ടപ്പെടുത്തി പ്രവാസികളായി പലായനം ചെയ്യുന്നവർക്കുള്ള മാർഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തികൊണ്ട് ആനുകാലികങ്ങളിൽ നിറയെ എഴുതീട്ടുണ്ട്. ഇദ്ദേഹത്തിൻെറ രചനകൾ ചിന്തോദ്ദീപകവും(thought provoking), പരിചിന്തനാപരവും(Reflective), അപ്രമാദിത്വമുള്ള (Infallible) ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണു. ചിലപ്പോൾ വളരെ നിശിതവും (incisive).

രണ്ട് മലയാളി പ്രൊഫസ്സർമാർ, രണ്ട് വൻകരകളിൽ ജീവിച്ചിരുന്നവർ ഇംഗ്ലീഷിൽ എഴുതിയ രണ്ട് ആത്മകഥാപരമായ നോവലുകൾ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. അവരിൽ ഒരാൾ ആഫ്രിക്കൻ രാജ്യങ്ങളിൽ ജോലി ചെയ്ത പ്രൊഫസ്സർ സ്റ്റീഫൻ നടുക്കുടിയിലും, മറ്റേയാൾ ഉപരിപഠനാർത്ഥം അമേരിക്കയിൽ വന്ന് ഇവിടത്തെ കോളെജിൽ ആംഗലഭാഷ പഠിപ്പിച്ച് വിരമിച്ച പ്രൊഫസ്സർ ചെറുവേലിയുമാണു. ഇംഗ്ലീഷ് ഭാഷയിലാണു പുസ്തകം എഴുതിയിരിക്കുന്നതെങ്കിലും മലയാള ഭാഷയിൽ പരിമിതമായ അറിവുകൾ ഉള്ള പുതിയ തലമുറയെ അത് പഴയ തലമുറയുമായി ബന്ധിപ്പിക്കുന്നു. ഇംഗ്ലീഷ് പുസ്തകങ്ങൾ മലയാള ഭാഷയെ പ്രോത്സാഹിപ്പിച്ചില്ലെങ്കിലും ഇത്തരം പുസ്തകങ്ങൾ മലയാള നാടുമായി വായനകാരെ അടുപ്പിക്കുന്നു.

കാനഡയിൽ താമസക്കാരെങ്കിലും അമേരിക്കൻ മലയാളി എഴുത്തുക്കാരായി പരിഗണിക്കുന്ന നിർമ്മല തോമസ് പ്രവാസി എഴുത്തുകാർക്കായി കേരള സർക്കാർ കൊടുക്കുന്ന നോർക്ക അവാർഡ് എന്നറിയപ്പെടുന്ന അംഗീകാരത്തോടൊപ്പം (ഇത് കേരളത്തിലെ മുഖ്യധാര എഴുത്തുകാരിൽ മുൻ നിരയിലുള്ള റീനി മമ്പലം എന്ന എഴുത്തുകാരിക്കും കിട്ടിയിട്ടുണ്ട്) അനവധി പുരസ്കരങ്ങൾ നേടിയിട്ടുണ്ട്. നർമ്മവും, ചെറുകഥകളും വിട്ട് ശ്രീ ജോൺ ഇളമത ചരിത്രത്തിൽ നിന്നും കണ്ടെടുത്ത കഥകളുടെ പുനരാവിഷ്ക്കാരം നടത്തുകയുണ്ടായി. അതിൽ പ്രധാനപ്പെട്ടത് സോക്രട്ടീസ്സും മാർക്കോപോളോയുമാണു. മാർക്കോപോളോയുടെ ആയിരം കോപ്പി അഞ്ചു മാസം കൊണ്ട് വിറ്റഴിഞ്ഞത് മുഴുവൻ പ്രവാസി എഴുത്തുകാർക്കും അഭിനന്ദനാർഹമാണു.

ഇവിടത്തെ മലയാളി എഴുത്തുകാർക്ക് അംഗീകാരങ്ങളും, പ്രോത്സാഹനങ്ങളും ഇവിടെ നിന്ന് തന്നെ ലഭിക്കാനുള്ള അവസരം ഉണ്ടാക്കണം. ഇവിടത്തെ എഴുത്തുകാർ എന്തിനു നാട്ടിലുള്ളവരുടെ ഔദാര്യങ്ങൾക്ക് കാത്തിരിക്കണം. അതേ സമയം അവർ (നാട്ടിലുള്ളവർ) ഇവിടത്തെ അർഹതയുള്ള എഴുത്തുകാരെ അംഗീകരിച്ചിട്ടുള്ളതായി വാർത്തകൾ സ്ഥിരീകരിക്കുന്നു. അതൊക്കെ കാശ് കൊടുത്തും സ്വാധീനിച്ചുമാണെന്ന് പറഞ്ഞാൽ ഒന്നും ചെയ്യാൻ പറ്റുകയില്ല. ആയിരം കുടങ്ങളുടെ വായ അടയ്ക്കുകയല്ലാതെ.

## സർഗ്ഗവേദിയുടെ ചരിത്രം

അമേരിക്കൻ സർഗ്ഗവേദിയുടെ ചരിത്രം ചുരുക്കമായി കൊടുക്കുന്നത് ഈ സംഘടനയെക്കുറിച്ചുള്ള പലരുടേയും തെറ്റിദ്ധാരണ മാറ്റാൻ സഹായകമാകുമെന്ന് വിശ്വസിക്കുന്നു. ന്യൂയോർക്കിൽ പ്രവർത്തിച്ച് വരുന്ന സർഗ്ഗവേദി ജനുവരി 5, 1992 ൽ എട്ടു പേർ കൂടിയ ഒരു യോഗത്തിൽ വച്ച് രൂപീകരിച്ചതാണ്. ആ എട്ടു പേർ: പ്രൊഫസ്സർ ജോസഫ് ചെറുവേലിൽ, ഡോക്ടർ മാത്യൂ ഇല്ലിക്കൽ, ശ്രീമതി ലില്ലിക്കുട്ടി

ഇല്ലിക്കൽ, ജോയ് ലുക്കോസ് മറ്റത്തിപ്പറമ്പിൽ, ഗോപാലൻ നായർ, ജയൻ കെ.സി, മനോഹർ തോമസ്, സുധീർ പണിക്കവീട്ടിൽ. (ഇവരിൽ ഡോക്ടർ മാത്യു ഇല്ലിക്കൽ, ഗോപാലൻ നായർ, ജോയ് ലൂക്കോസ് എന്നിവർ ഇഹലോകവാസം വെടിഞ്ഞു.) മനോഹർ തോമസ് ഈ കൂട്ടായ്മക്ക് നൽകിയ പേരു അമേരിക്കൻ സർഗ്ഗതാര എന്നായിരുന്നു. സർഗ്ഗവേദിയെന്നായിരിക്കും കൂടുതൽ ഉചിതമെന്നു ശ്രീ ജയൻ കെ.സി. അഭിപ്രായപ്പെടുകയും യോഗം അത് അംഗീകരിക്കയും ചെയ്തു. സർഗ്ഗവേദിയുടെ ആദ്യത്തെ സംരംഭമായി ആ വർഷം ഒക്ടോബറിൽ അറുപതു തികയുന്ന ചെറിയാൻ കെ ചെറിയാൻ എന്ന് കവിക്ക് ഒരു കവിതാസമാഹാരം സമർപ്പിക്കുക, അദ്ദേഹത്തെ ആദരിക്കുക എന്നീ തീരുമാനങ്ങൾ എടുത്തു. സർഗ്ഗവേദിയിലെ അംഗങ്ങൾക്ക് മറ്റ് സംഘടനകളിലെപോലെ പദവികൾ വേണ്ടെന്നും മനോഹർ തോമസ്സ് കോർഡിനേറ്ററായി പ്രവർത്തിക്കാമെന്നും ഏറ്റു. എഴുത്തുകുത്തുകൾ സുധീറിനെ ചുമതലപ്പെടുത്തി.. സർഗ്ഗവേദിയുടെ ആരംഭം മുതൽ അതിലെ അംഗങ്ങൾക്ക് സാഹിത്യ ചർച്ചകൾ നടത്താനായി കേരള സെൻററിലെ ഒരു മുറി നൽകി പ്രോത്സാഹിപ്പിച്ച ശ്രീ ഇ.എം. സ്റ്റീഫൻെറ പേരു സർഗ്ഗവേദിയുടെ ചരിത്രം എഴുതുമ്പോൾ പ്രത്യേകം ഓർക്കേണ്ടതാണു. സർഗ്ഗവേദി വിജയകരമായി തീരുമാനങ്ങൾ നടപ്പിലാക്കി. ചെറിയാനു അറുപതാം പിറന്നാളിനു "സമുദ്രശില"എന്ന കാവ്യ സമാഹാരം ഉപഹാരമായി നൽകി. വർണ്ണാഭമായ സദസ്സിൽ വച്ച് അദ്ദേഹത്തെ ആദരിച്ചു,പുസ്തകത്തിൻെറ കോപ്പി നൽകി.

അതിനു ശേഷം ഇതിൻെറ പേരു സാഹിതീ സഖ്യമെന്നാക്കാൻ ചെറിയാൻ ശ്രമിച്ചെങ്കിലും സർഗ്ഗവേദി അംഗങ്ങൾ ഇടപ്പെട്ട് അത് നിയന്ത്രിച്ചു. അങ്ങനെ പ്രവർത്തനങ്ങൾ തുടരവേ സർഗ്ഗവേദിയിലെ അംഗങ്ങളെ അപകീർത്തിപ്പെടുത്തിയും ആക്ഷേപിച്ചും ചെറിയാൻ കലാകൗമുദിയിൽ ഒരു കായിതം പ്രസിദ്ധീകരിച്ചു. (December 18, 1994) ഒരു പക്ഷെ അമേരിക്കൻ മലയാളികൾക്ക് കലാകൗമുദി വായിക്കാൻ അവസരമുണ്ടാകില്ല അതുകൊണ്ടവർ അറിയാൻ പോകുന്നില്ലെന്നദ്ദേഹം കരുതിയിരിക്കും. എന്നാൽ ശ്രീ ജയൻ കെ.സി. സർഗ്ഗവേദിയുടെ സമ്മേളനത്തിൽ കലാകൗമുദിയുടെ കോപ്പിയുമായി വന്ന് അംഗങ്ങളെ അക്ഷരാർത്ഥത്തിൽ അമ്പരപ്പിച്ചു. ചെറിയാൻെറ അറുപതാം പിറന്നാൾ ആഘോഷമാക്കാനും, ആ അവസരത്തിൽ അദ്ദേഹത്തിനു കവിതാസമാഹാരം പുറത്തിറക്കാനും മുൻ കൈ എടുത്ത സർഗ്ഗവേദിയും, കാശു മുടക്കിയവരും, ആസംസകൾ നേർന്നവരും, അഭ്യുദയകാംക്ഷികളും ശ്രീകോവിലിൽ തൊഴുത് നിൽക്കുമ്പോൾ പൂജാരി അവരുടെ മുഖത്തേക്ക് കാർക്കിച്ച് തുപ്പിയപോലെയുള്ള തിക്താനുഭവത്തിൽ മുഷിഞ്ഞിരുന്നു. ഇരുപത് വർഷക്കാലം ആരുമറിയാതെ സാഹിത്യരംഗത്ത് നിന്നും മാറി നിന്ന ചെറിയാനെ സർഗ്ഗവേദി ആദരിച്ച് വെളിച്ചത്തേയ്ക്ക് കൊണ്ടു വന്നില്ലായിരുന്നെങ്കിൽ ഒരു പക്ഷെ കാലം അദ്ദേഹത്തെ വിസ്മരിച്ച് കളയുമായിരുന്നു. എന്നാൽ അതിൻെറ യാതൊരു നന്ദിയും കാണിക്കാതെ, അദ്ദേഹത്തെ ആദരിച്ച് നിന്ന സർഗ്ഗവേദിയെ അദ്ദേഹം അപമാനിച്ചത് നിക്രുഷ്ടവും നീചവുമായ പ്രവർത്തിയായിപ്പോയിയെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഇതേതുടർന്ന് സർഗ്ഗവേദി രൂപീകരിച്ചവർ ഡിസംബർ 30, 1994 ഒരു യോഗം കൂടി. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രതികരിക്കാൻ യോഗത്തിനു ഭാരവാഹികൾ വേണമെന്നും അതിനായി തിരഞ്ഞെടുപ്പു വേണമെന്നും സർഗ്ഗവേദി ഉടനെ തന്നെ റജിസ്റ്റർ ചെയ്യണമെന്നും തീരുമനിച്ചു. ഈ സംഭവവികാസത്തിൻെറ വെളിച്ചത്തിൽ ആദ്യം എഴുതിയത് ന്യായീകരിച്ചുകൊണ്ട് ചെറിയാൻ വീണ്ടും കലാകൗമുദിയിൽ എഴുതി. ഈ വിവരങ്ങളൊക്കെ അമേരിക്കയിൽ നിന്നും ഇറങ്ങുന്ന കൈരളി പബ്ലിക്കേഷൻസ് മാത്രമാണു പ്രസിദ്ധീകരിച്ചത്. മലയാളംപത്രം ഇതൊന്നും എന്തുകൊണ്ടൊ റിപ്പോർട്ട് ചെയ്തില്ലെന്നുമാത്രമല്ല ചെറിയാനെ അനുകൂലിച്ച് എഴുതുകയും ചെയ്തു. അതുകൊണ്ടായിരിക്കും ഫെബ്രുവരി 10, 1995 കൈരളിയിൽ ശ്രീ ജോസ് ചെരിപ്പുറം അമേരിക്കൻ സർഗ്ഗവേദിക്ക് ഒരു തുറന്ന കത്ത് എന്ന ശീർഷകത്തിൽ ഇങ്ങനെ എഴുതിയത്: "ഇതൊന്നും അറിയാത്ത മട്ടിൽ.. അറിഞ്ഞിട്ടും അറിഞ്ഞെന്നു ഭാവിക്കാത്തതുമാകാം, ശ്രീ ചെറിയാൻ കെ ചെറിയാനെ മാത്രുകയായി സ്വീകരിക്കണം എന്ന മലയാളംപത്രത്തിൽ വന്ന മുഖപ്രസംഗവും ഇതെഴുതാൻ മറ്റൊരു പ്രേരകശക്തിയാണു.''

പ്രതീക്ഷിക്കാതെ പ്രശസ്തി കിട്ടിയ ചെറിയാൻ സർഗ്ഗവേദിയെ പിളർത്തിക്കൊണ്ട് സാഹിതീസഖ്യം എന്ന സംഘടന രൂപീകരിച്ചു. സർഗ്ഗവേദിക്ക് അകാല ചരമം എന്നു ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ആരംഭിച്ച സാഹിതീസഖ്യത്തിൽ സർഗ്ഗവേദി വിട്ട് മനോഹർ ചേരുകയും ചെറിയാനൊടൊപ്പം അതിൽ പ്രവർത്തിക്കയും ചെയ്തു. സർഗ്ഗവേദിയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ ജോയ് ലൂക്കോസും

ചെറിയാൻെറ സാഹിതീസഖ്യത്തിലും, സർഗ്ഗവേദിയിലും ഒരേപോലെ സന്നിഹിതനായി. ഈ പ്രവർത്തി സർഗ്ഗവേദിയിലെ മറ്റ് സ്ഥാപക അംഗങ്ങൾക്ക് അമ്പരപ്പും അതേപോലെ അംഗങ്ങൾക്ക് അതിശയവും ഉണ്ടാക്കി. സർഗ്ഗവേദിയുമായുള്ള മുഴുവൻ ബന്ധവും ഉപേക്ഷിച്ച് ചെറിയാൻെറ സാഹിതീസഖ്യത്തിലേക്ക് മനോഹർ പോയതിനും, സർഗ്ഗവേദിയിൽ സന്നിഹിതനാകുമെങ്കിലും സാഹിതീ സഖ്യത്തിലും ഹാജർ കൊടുക്കാൻ ജോയ് ലൂക്കോസ് പോയതിനും, ഈ സംഭവവികാസങ്ങളെ കുറിച്ചുള്ള വാർത്തകൾ മലയാളംപത്രം മൂടി വച്ച് പ്രസിദ്ധീകരിക്കാതിരുന്നതിനും രേഖകൾ നൽകി ചരിത്രം സാക്ഷ്യം വഹിക്കുന്നു. (കൈരളിയുടെ താളുകൾ പരിശോധിച്ച് വായനകാർക്ക് ബോദ്ധ്യപ്പെടാവുന്നതാണ്)

സർഗ്ഗവേദിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കായി സർഗ്ഗവേദിയുടെ ആദ്യ പ്രസിഡണ്ടായി ഡോക്ടർ എ.കെ.ബി പിള്ളയേയും, സെക്രട്ടറിയായി ശ്രീ ജോസ് ചെരിപുറത്തിനേയും തിരഞ്ഞെടുത്ത വിവരം കൈരളി പബ്ലിക്കേഷിൻസിൻെറ നവമ്പർ 17, 1995 ലെ ലക്കത്തിൽ ഉണ്ട്. സർഗ്ഗവേദിക്ക് ഒരു കരട് നിയമാവലി സുധീർ തയ്യാറാക്കിയിരുന്നെങ്കിലും പൂർണ്ണമായ ഒരു നിയമാവലി എഴുതിയുണ്ടാക്കാൻ ശ്രീ ഉദയഭാനുവിനെ ചുമതലപ്പെടുത്തുകയും അദ്ദേഹം അത് തയ്യാറാക്കി ഡോക്ടർ പാലക്കലിനെ ഏൽപ്പിക്കയും ചെയ്തിരുന്നു. പ്രസിഡണ്ട് പദം തുടരാൻ ചില കാരണങ്ങളാൽ ശ്രീ എ.കെ.ബി. പിള്ളക്ക് കഴിയാതെ വന്നപ്പോൾ സർഗ്ഗവേദിയിൽ വീണ്ടും പ്രതിസന്ധി ഉണ്ടായെങ്കിലും പ്രൊഫസ്സർ ചെറുവേലി, സുധീർ പണിക്കവീട്ടിൽ, ജയൻ ആൻഡ്രൂസ്, കെ.സി. ജയൻ ജോസ് ചെരിപുറം എന്നിവർ കൂടി അപേക്ഷിച്ചതനുസരിച്ച് ഡോക്ടർ തോമസ് പാലക്കൽ പ്രസിഡണ്ട് എന്ന ആ ദൗത്യം ഏറ്റെടുക്കുകയും സർഗ്ഗവേദിയുടെ ബാലാരിഷ്ടതകൾ നീക്കി അതിനെ വളർത്തി വലുതാക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മുന്നിൽ വലിയ ഒരു വെല്ലു വിളിയുണ്ടായിരുന്നു. അന്ധമായ വ്യക്തിപൂജയും പരദൂഷണ പ്രചാരണവും, കൈരളി പബ്ലിക്കേഷൻസ് മാത്രം നിജസ്ഥിതി വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിന്നപ്പോൾ സ്വന്തം അഭിപ്രായമില്ലത്തവർ സ്വാധീനിക്കപ്പെട്ടു. അവർ സത്യമറിയാതെ സർഗ്ഗവേദിക്ക് എതിരായി പ്രവർത്തിച്ചു. ആദർശധീരതയുള്ള കുറച്ച് പേർ ഉണ്ടായിരുന്നത്കൊണ്ട് പ്രതിബന്ധങ്ങളെ തരണം ചെയ്ത് സർഗ്ഗവേദി വളർന്നു. (കൈരളിയുടെ പഴയ ലക്കങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. ഒരു പത്രം വാർത്തകൾ മൂടി വച്ചാൽ അത് സമൂഹത്തിൽ എന്തെല്ലാം സംശയങ്ങളും, തെറ്റിദ്ധാരണകളും ഉണ്ടാക്കുമെന്നറിയാൻ ചരിത്രവിദ്യാർത്ഥികൾക്ക് അമേരിക്കൻ മലയാള സാഹിത്യ പഠനം ഉപകാരപ്രദമാകും) ചെറിയാൻ ന്യൂയോർക്കിൽ നിന്നും താമസം മാറ്റിയപ്പോൾ പ്രവർത്തനം നിന്നു പോയ സാഹിതിസഖ്യത്തിൽ നിന്നും വന്ന മനോഹറിനെ സർഗ്ഗവേദി സ്വാഗതം ചെയ്തു. ആ സമയത്ത് നാട്ടിലേക്ക് ദീർഘകാലാവധിക്ക് യാത്ര പുറപ്പെടാനിരുന്ന ഡോക്ടർ പാലക്കൽ സർഗ്ഗവേദിയുടെ ചുമതല മനോഹറിനെ ഏൽപ്പിക്കയും അദ്ദേഹം ഇപ്പോൾ അത് ഉത്തരവാദിത്വത്തോടെ കൊണ്ടു നടക്കയും ചെയ്യുന്നു. സത്യം പലപ്പോഴും പരദൂഷണത്തിൻെറ മൂടി കൊണ്ടു മറഞ്ഞിരിക്കുന്നു. അവാർഡ്ദാന കമ്മറ്റിക്കാർ പോലും തന്മൂലം സത്യം എന്തെന്നറിയുന്നില്ല.

**ശുഭം**


# അമേരിക്കൻ സർഗ്ഗവേദിക്ക്
# ഒരു തുറന്ന കത്ത

*ജോസ് ചെരിപുറം*

18 ാം തീയതിയിലെ
പഴയകാമുകി
ചെറിയാൻ കെ. ചെറിയാ
അതിൻെറ ആമുഖ

ഇതൊന്നും അറിയാത്ത മട്ടിൽ ....
അറിഞ്ഞിട്ടും അറിഞ്ഞെന്നു ഭാവിക്കാ
ത്തതുമാകാം...... ശ്രീ ചെറിയാൻ കെ.
ചെറിയാനെ മാതൃകയായി സ്വീകരി
ക്കണം. എന്ന മലയാളം പത്രത്തി
ൽ വന്ന മുഖ പ്രസംഗവും ഇതെ
ഴുതാൻ മറ്റൊരു പ്രേരക ശക്തിയാണ്.

കെ.സി.ജയൻ
ലെ
ല്പ്പൊളി
പ്പോൾ വികാരാധീന
തുടരാൻ കഴിഞ്ഞില്ല.
ശ്രീ ചെറിയാൻ കെ

Scroll down

# കേരളാ സെൻററിൽ സർഗ്ഗവേദി സമ്മേളനം

ജോസ് ചെരിപുറം

അനുഗ്രഹീത കലാകാരന്മാരുടെയും , ആസ്വാദകരുടെയും നിറഞ്ഞ സദസ്സിൽ അമേരിക്കൻ സർഗ്ഗവേദിയുടെ സമ്മേളനം ഇക്കഴിഞ്ഞ ഒക്ടോബർ 21 ന് കേരളാ സെൻററിൽ മിസ്സസ് ലില്ലിക്കുട്ടി ഇല്ലിക്കലിൻെറ അധ്യക്ഷതയിൽ കൂടുകയുണ്ടായി . തദവസരത്തിൽ ശ്രീമതി പത്മാവതിയുടെ അത്ഭുത ദു:ഖം എന്ന അനുകാലിക പ്രസക്തമായ കവിത പാരായണം ചെയ്യുകയുണ്ടായി . വിഗ്രഹങ്ങൾ പാലുകുടിക്കാതെ പാവപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾക്കായ് പാലു ചുരത്താത്തതെന്താണെന്ന് കവയത്രി സംശയിക്കുന്നു . അഥവാ പാലു് ഒഴുക്കിയാലും അതുവിറ്റു പണമുണ്ടാക്കാനാണു് ഭക്തന്മാർ ശ്രമിക്കാറു് . അപ്പോൾ പിന്നെയും പാവപ്പെട്ടവൻെറ ഗതി പഴയതു തന്നെ . അതുകൊണ്ട് അത്ഭുതമൊന്നും കാണേണ്ട എന്നാണു് കവി ദർശനം .

ജോസ് ചെരിപുറത്തിൻെറ മാവേലി നാടു് എന്ന കവിതയും പഠനവിഷയമായി. കടുത്ത ഗ്രാഹാതുരത്തിൻെറ നൊമ്പരങ്ങൾ കവിതയുടെ ആദ്യ ഭാഗത്ത് നിഴലിച്ചു കാണുന്നു. ആധുനികതയുടെ അതിപ്രസരത്താൽ പഴമ നശിച്ചു എന്നു പ്രസ്താവിക്കുന്ന രണ്ടാം പകുതിയിൽ കവി ചർച്ചയിൽ പ്രത്യേകം എടുത്തു പറയേണ്ട സംഗതി സാധാരണ മനുഷ്യൻ പഴമയെ ആശ്ലേഷിക്കുകയും പുതുമയെ വെറു...

ശ്രീ സുധീർ പണിക്കവീട്ടിൽ എഴുതിയ ' പാൽകുടിക്കുന്ന ദേവൻ ' എന്ന ലേഖനം വായിക്കയും ചർച്ചചെയ്യപ്പെടുകയും ചെയ്തു . വൈവിധ്യമാർന്ന ചിന്ത സരണികളെ കോർത്തിണക്കിയ , യുക്തിപരവും , ദൈവീകവും , രാഷ്ട്രീയ പ്രേരിതവും , സാമാന്യ ജനങ്ങളുടെയും , തീവ്രമതമൗലിക വാദികളുടെയും കാഴ്ചപ്പാടിലൂടെ ഒരു തിരനോട്ടം നടത്തുകയായിരുന്നു . പ്രസ്തുത ലേഖനം . അവനവൻെറ സ്വതന്ത്രചിന്തക്കു വിട്ടുകൊണ്ട് ശ്രീ സുധീർ പണിക്കവീട്ടിൽ ലേഖനം ഭംഗിയായി അവസാനിപ്പിച്ചു .

ചിന്തിക്കാനും ചിരിക്കാനും ഉതകുന്ന സത്യത്തിലേയ്ക്ക് വിരൽ ചൂണ്ടുകയാണു് ലേഖനത്തിൽ .

ഏകദേശം അഞ്ചു വർഷങ്ങൾക്കു മുൻപ് രൂപംകൊണ്ട അമേരിക്കൻ സർഗവേദിയുടെ മുന്നോട്ടുള്ള സുഗമമായ പുരോഗതിക്കായി സാരഥികളെ തെരഞ്ഞെടുത്തു . ഡോ . എ. കെ.ബി പ്രസിഡൻറ് , മി . കിഷോർ ... വൈസ് പ്രസിഡൻറ് മി . ജോസ് ചെരിപുറം .. സെക്രട്ടറി , ശ്രീമതി ടി . പത്മാവതി ജോയ്ൻറ് സെക്രട്ടറി , മി. ജയൻ ആൻഡ്രൂസ് ട്രഷറർ .

പബ്ലിക് റിലേഷൻസ് ഓഫീസേഴ്സ് ആയി മി . സേതു നരിക്കോട്ട് , മിസ്സസ് ലില്ലിക്കുട്ടി ഇല്ലിക്കൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു . ശ്രീ . ഗോപാലൻ നായർ സമ്മേളനം ...